പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1786 10.02.2020-ലെ മറുപടിക്ക്

## ട്രാഫിക് സിഗ്നൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ നടപടി

ചോദ്യം

ശ്രീ.ആർ. രാമചന്ദ്രൻ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷന്റെ മുമ്പിലുള്ള ട്രാഫിക് സിഗ്നൽ സമ്പ്രദായം കാര്യക്ഷമമായി പ്രവർത്തിക്കാത്തതുമൂലം പ്രതിദിനം അനേകം അപകടങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് വകുപ്പിൽ നിന്നും ലഭ്യമായ, കേടായ സിഗ്നൽ തകരാറ് പരിഹരിക്കേണ്ട ആന്വൽ മെയിന്റനൻസ് പ്രൊപ്പോസലിൽ, കരുനാഗപ്പള്ളി ജംഗ്ഷനിൽ പോലീസ് സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ഉൾപ്പെട്ടിട്ടുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റി പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുകയും, സംസ്ഥാനം മുഴുവൻ സ്ഥാപിച്ചിട്ടുള്ള സിഗ്നൽ ലൈറ്റ്സ് തകരാർ പരിഹരിക്കുന്നതിന് ആന്വൽ മെയിന്റനൻസ് കോസ്റ്റായി 4,78,01,309/- രൂപ 34-ാമത് കേരള റോഡ് സേഫ്റ്റി യോഗം അംഗീകരിക്കുകയും ആദ്യ ഗഡുവായി 1 കോടി രൂപ 22.12.2018-ൽ സംസ്ഥാന പോലീസ് മേധാവിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് പ്രസ്തുത സിഗ്നലുകൾക്ക് പകരമായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന സിഗ്നൽ സംവിധാനം സ്ഥാപിച്ച് ഇവിടുത്തെ അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ബി) | സംസ്ഥാന പോലീസ് മേധാവിയോ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മുഖേനയോ പ്രസ്തുത സ്ഥലത്ത് ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിനായി സാധ്യതാ പഠനം നടത്തി, നിർദ്ദിഷ്ട മാതൃകയിൽ പ്രൊപ്പോസൽ കേരള റോഡ് സുരക്ഷ അതോറിറ്റിക്ക് സമർപ്പിക്കുന്ന പക്ഷം, റോഡ് സേഫ്റ്റി ഫണ്ട് അനുവദിക്കുന്നതിനായി പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ